(1)	(2)
എറണാകുളം	2328
തൃശൂർ	1137
പാലക്കാട്	975
മലപ്പുറം	21734
കോഴിക്കോട്	28880
വയനാട്	10476
കണ്ണൂർ	21302
കാസർഗോഡ്	39795
ആകെ	236051

(ബി) ഇന്റലിജൻസ് സ്കാഡുകൾ നിരന്തരമായി കട പരിശോധന, വാഹന പരിശോധന എന്നിവ നടത്തി വരുന്നു. കൂടാതെ റെയിൽവേ സ്റ്റേഷനുകൾ, പാർസൽ ഓഫീസുകൾ എന്നിവ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകളും കൃത്യമായി നടത്തിവരുന്നുണ്ട്.

(സി) നികുതി വെട്ടിപ്പുകാർക്കെതിരെ ചരക്കുകൾ കണ്ടുകെട്ടുക, രജിസ്ട്രേഷൻ റദ്ദ് ചെയ്യുക, ചട്ടപ്രകാരം പിഴയും, നികുതിയും വസൂലാക്കുക, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക എന്നിവ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചുവരുന്നുണ്ട്.

നികുതി ചുമത്താൻ നടപടി

175 (4529) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാഹി പോലുള്ള പ്രദേശത്ത് നിന്ന് മദ്യവും മറ്റ് വസ്തുക്കളും കേരളത്തിലേക്ക് കൊണ്ടുവരുമ്പോൾ സംസ്ഥാനത്തിന്റെ നികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പ്രവേശന നികുതി അസ്ഥിരപ്പെടുത്തിയ സാഹചര്യത്തിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നും സാധനങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുമ്പോൾ പ്രവേശന നികുതി ചുമത്താൻ സാധ്യമല്ല. അവ കേരളത്തിൽ വിൽക്കുമ്പോഴേ നികുതി ബാധ്യതയുള്ളു. നിലവിൽ വാറ്റ് നികുതിയുടെ പരിധിയിൽ വരുന്ന, നികുതി വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള 11 ചരക്കുകൾ വിൽപ്പനയ്ക്കായി കൊണ്ടുവരുന്ന രജിസ്ട്രേഷനുള്ള വ്യാപാരികളിൽ നിന്നും വാണിജ്യ നികുതി കമ്മീഷണറുടെ 2008 മാർച്ച് 24-ാം തീയതിയിലെ 11/2008 സർക്കുലർ പ്രകാരം മുൻകൂർ നികുതി പിരിക്കുകയും, അപ്രകാരം നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

നികുതിക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നൽകുകയും ചെയ്യുന്നുണ്ട്. മദ്യം, പെട്രോൾ മുതലായവ വാറ്റ് നികുതിയുടെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ, ആയതിന് സംസ്ഥാനത്തിനകത്ത് പ്രവേശിക്കുമ്പോൾ നികുതി ചുമത്തുന്നതിന് നിയമതടസ്സമുണ്ട്.

നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികൾ

176 (4530) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ നടപടി എടുക്കാൻ സംസ്ഥാന സർക്കാരിനു അനുമതി നിൽകിക്കൊണ്ടുള്ള സുപ്രീം കോടതി ഉത്തരവിനുശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; ഏത് വകുപ്പ് പ്രകാരമാണ് പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്തത് ; കേസുകളുടെ തുടർ നടപടിയുടെ നിലവിലെ സ്ഥിതി എന്താണ് ; ഏതൊക്കെ ഏജൻസികൾക്കെതിരെയാണ് ഈ കേസുകൾ ;

(ബി) ഇപ്പോഴും നിയമ വിരുദ്ധമായ ഇത്തരം അന്യ സംസ്ഥാന ലോട്ടറികൾ വ്യാപകമായി പ്രവർത്തിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ട് ;

(സി) 2010 ഏപ്രിൽ ഒന്നിന് കേന്ദ്ര ആഭ്യന്തമന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് ലോട്ടറി നടത്തിപ്പിന്റെ പൂർണ്ണ ചുമതല അതത് സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ടോ ;

(ഡി) നൽകിയിട്ടുണ്ടെങ്കിൽ ഇതു പ്രകാരം നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ നടപടി എടുക്കാൻ സംസ്ഥാന സർക്കാരിന്നുണ്ടായിരുന്ന എല്ലാ തടസ്സങ്ങളും നീക്കിയിട്ടുണ്ടോ ; എങ്കിൽ അതനുസരിച്ച് ഇതിനുശേഷം എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ഇ) ഒറ്റ ദിവസം തന്നെ സംസ്ഥാനത്തെ എല്ലാ ലോട്ടറി കേന്ദ്രങ്ങളിലും റെയ്ഡു നടത്തി നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ പിടിച്ചെടുത്ത്, ഈ നിയമലംഘനനടപടി അവസാനിപ്പിക്കാൻ എന്തു കൊണ്ട് കഴിയുന്നില്ല എന്ന് വ്യക്തമാക്കുമോ ;

(എഫ്) നികുതിവകുപ്പും പോലീസും നിയമവകുപ്പും ചേർന്ന് ഇതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly